

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA-PHONE : 8234

വാല്യം 5 1988 നവംബർ 11, 18 ലക്കം 35


## സാമ്പത്തിക വർഷം പരിഷ്കരിക്കുന്നു

സ്റ്റാഫ് എഡിററർ

കോട്ടയം: അടുത്ത കാലത്തു് ഭേദഗതി ചെയ്യിട്ടുള്ള ആദായ നികുതി നിയമമനുസരിച്ചു് എല്ലാ മത, ധർമ്മ സ്ഥാപനങ്ങളുടേയും സാമ്പത്തിക വർഷം ഏപ്രിൽ ഒന്നു മുതൽ മാർച്ച 31 വരെ ആയിരിക്കണമെന്നു് നിബന്ധന ചെയ്തിരിക്കുന്നു. അതനുസരിച്ചു് നമ്മുടെ എല്ലാ മെത്രാസനങ്ങളുടേയും, പള്ളികളുടേയും, മററു സ്ഥാപനങ്ങളുടേയും സാമ്പത്തിക വർഷം മേലിൽ ഏപ്രിൽ ഒന്നിനു് ആരംഭിക്കുവാൻ പ. ബാവാ തിരുമനസു കൊണ്ടു് ഒരു പ്രത്യേക കല്പനയിലൂടെ ബന്ധപ്പെട്ട സ്ഥാപനങ്ങളോടു് ആവശ്യപ്പെട്ടിരിക്കുന്നു. ഈ മാററം വരുത്തുന്നതോടുകൂടി ഇടവകകളിലെ ട്രസ്റ്റി, സെക്രട്ടറി, കമ്മററിയംഗങ്ങൾ എന്നിവരുടെ സേവന കാലാവധിയും ഏപ്രിൽ മുതൽ മാർച്ച വരെ ആയി ക്രമപ്പെടുത്തുന്നതു് സൗകര്യപ്രദമായിരിക്കുമെന്നു് കല്പനയിൽ നിർദ്ദേശിച്ചിട്ടുണ്ടു്.

# ഹരിജൻ ക്രൈസ്തവരെ പട്ടികജാതി ലിസ്ററിൽ ഉൾപ്പെടുത്തണം: പ. ബാവാ

(സ്ററാഫ് എഡിററർ)

നവംബർ 13–ാം തീയതി കോട്ടയം തിരുനക്കരമൈതാനിയിൽ ചേന്ന ഹരിജൻ ക്രൈസ്തവ റാലിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്തുകൊണ്ടു് പ:ബസേലിയോസ്മാത്തോമാ മാത്യൂസ് പ്രഥമൻ ബാവാതിരുമനസുകൊണ്ടു് ചെയ്ത പ്രസംഗത്തിൻെറ പൂർണ്ണരൂപം

വളരെ ഗൗരവമേറിയ ഒരു വിഷയം നമ്മുടെ നാട്ടിലെ ഭരണാധികാരികളുടെ ശ്രദ്ധയിൽപെടുത്തുവാൻവേണ്ടിയാണു് ക്രൈസ്തവരായ നാം ഇന്നു് ഇവിടെ സമ്മേളിച്ചിരിക്കുന്നതു്. അവകാശ സമരങ്ങൾ നമ്മുടെ നാട്ടിൽ ഒരു പുത്തരിയല്ല നിത്യേന ധാരാളം സമരങ്ങൾ ഇവിടെ അരങ്ങേറുന്നുമുണ്ടു്. അക്രമവും, അഴിമതിയും, കൊലയും, കൊള്ളിവയ്പും അവകാശസമരങ്ങളുടെ ഭാഗമായി ഇന്നു് മാറിയിട്ടുണ്ടു്. അതിലൂടെ മാത്രമേ അവകാശങ്ങൾ നേടിയെടുക്കുവാൻ കഴിയുകയുള്ളൂ എന്ന തോന്നൽ ഇന്നു് പൊതുവെ വ്യാപിച്ചിട്ടുണ്ടു്. ഇതു് അ പ്രകാരമുള്ള ഒരു സമരമല്ല. തികച്ചും ക്രൈസ്തവമായ രീതിയിൽ സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഒരു ശബ്ദമുയർത്തൽ മാത്രമാണു്. എല്ലാ മതങ്ങൾക്കും ഒരേപോലെ പരിഗണന ലഭിക്കേണ്ടതു് മതേതര രാഷ്ട്രമായ ഭാരതത്തിലെ പൗരന്മാരുടെ ന്യായമായ ഒരു അവകാശമാണു്. തികഞ്ഞ ആത്മസംയമനത്തോടും സഹനശക്തിയോടും പരിപൂർണ്ണ ദൈവാശ്രയത്തോടുംകൂടിഅധികാരികളിൽ നിന്നു് ക്രൈസ്തവരായ ഹരിജനങ്ങൾക്കു് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ വാത്സല്യമക്കളെ നിങ്ങൾക്ക സാധിക്കട്ടെ എന്നു് നാം ആമുഖമായി ആശംസിക്കുന്നു

സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഹരിജൻ ക്രൈസ്തവ സഹോദരങ്ങൾക്കു് മതേതര രാഷ്ട്രമായ ഭാരതത്തിൽ നിലനിൽക്കുന്ന വിവേചനം അവസാനിപ്പിക്കുവാൻ പല തവണ നാം പ്രക്ഷോഭണങ്ങൾ നടത്തുകയും ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന സർക്കാർ അധികൃതർക്കു് നിവേദനം നൽകുകയും ചെയ്തിട്ടുണ്ടു്. അപ്പോഴെല്ലാം ബോധപൂർവ്വമോ അല്ലാതയോ നമ്മൾ അവഗണിക്കപ്പെടുകയാണുണ്ടായിട്ടുള്ളതു്. ഈ വിവേചനം ഭാരതത്തിൻെറ മതേതരത്വ സ്വഭാവത്തെത്തന്നെ ഹനിക്കുന്നതാണു്.

1950 മുതൽ 1976വരെ വിവിധ കാലഘട്ടങ്ങളിൽ പട്ടികജാതി ലിസ്റ്റ് പുതുക്കൽ നടന്നിട്ടുണ്ടു്. അപ്പോഴെല്ലാം നമ്മുടെ ഈ ആവശ്യം നിരാകരിക്കപ്പെടുകയാണുണ്ടായിട്ടുള്ളതു്. 'മതത്തിൻെറയോ, വംശത്തിൻെറയോ, ജാതിയുടേയോ പേരിൽ യാതൊരു പൗരനോടും വിവേചനം കാണിക്കുവാൻ പാടില്ല ' എന്നു് ഇൻഡ്യൻ ഭരണഘടനയിൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കെ ഇന്നും നമ്മുടെ ഈ സഹോദരങ്ങൾ വിവേചനത്തിൻെറ അഗണ്യകോടിയിൽതന്നെ കഴിയേണ്ടിവരുന്നതു് വേദനാജനകമാണു്.

ഈ പശ്ചാത്തലത്തിൽ നാം ഉന്നയിക്കുന്ന ഈ ആവശ്യം വളരെയേറെ പ്രസക്തമാണ്. പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റ് പുതുക്കുന്ന ഈ അവസരത്തിൽ അവശത അനുഭവിക്കുന്ന ക്രൈസ്തവ സഹോദരങ്ങളേയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തി നീതി ലഭിക്കുവാനുള്ള അവരുടെ അവകാശം സംരക്ഷിക്കുവാൻ ബന്ധപ്പെട്ട അധികാരികളോടു് നാം സ്നേഹബുദ്ധ്യാ അഭ്യർത്ഥിക്കുന്നു. എല്ലാ ക്രൈസ്തവ സഭകളും ഈ വിഷയത്തിൽ ഒററക്കെട്ടായി നിന്നു് പ്രവർത്തിക്കണം.

ഭാരതത്തിൻെറ ഭരണസാരഥ്യം വഹിക്കുന്ന ഏവർക്കും പ്രിയങ്കരനായ പ്രധാനമന്ത്രി രാജീവ് ഗാന്ധി പിന്നോക്ക വിഭാഗങ്ങളുടെ ഉദ്ധാരണത്തിൽ പ്രത്യേകം താൽപര്യം കാട്ടുന്നുണ്ടു്. അദ്ദേഹത്തിൻെറ ഭരണകാലത്തു തന്നെ ഈ അവഗണന മാററി രാഷ്ട്രത്തിൻെറ മതേതരത്വ സ്വഭാവം അതിൻെറ പൂർണ്ണ അർത്ഥത്തിലും, വ്യാപ്തിയിലും നിലനിർത്തുമെന്നാണ് എൻെറ വിശ്വാസം. അതിനായി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു. നമ്മുടെ കൂട്ടായ്മയിലെ ബലഹീ

(ശേഷം 6-ാംപേജിൽ)

# എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രതിഭാശാലികളുടെ ജന്മഗൃഹം: പരിശുദ്ധ ബാവാ

(സ്റ്റാഫ് എഡിററർ)

ഈ കഴിഞ്ഞ നവംബർ 12നു് നടന്ന എം. ഡി. സെമിനാരി ഹൈസ്കൂൾ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ടു് പ. ബാവാ നിർവ്വഹിച്ച പ്രസംഗം

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

നമ്മുടെ എം. ഡി. സെമിനാരി ഹൈസ്കൂളിൻെറ ശതാബ്ദി ആഘോഷ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുവാൻ ഇടയായതിൽ നാം ദൈവത്തെ അതിയായി മഹത്വപ്പെടുത്തുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള വിവിധ തുറകളിൽ പ്രവത്തിച്ചിട്ടുള്ളവരും, ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായ അനേകം പ്രതിഭാശാലികൾക്കു് ജന്മം നല്കുവാൻ സാധിച്ചിട്ടുള്ള ഈ വിദ്യാലയം നമ്മുടെ സഭയുടെ മാത്രമല്ല ഈ നാടിൻെറ മുഴുവൻ തന്നെ അഭിമാന സ്രോതസായി നിലകൊള്ളുന്നു എന്നു് നാം സന്തോഷത്തോടെ ഈ അവസരത്തിൽ അനുസ്മരിക്കുകയാണു്.

മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണത്തിൽ സഭയുടെ കേന്ദ്രസ്ഥാനത്തു് ജന്മം കൊണ്ട ഈ സ്ഥാപനം ഇന്നും അതിൻെറ എല്ലാ ലക്ഷ്യങ്ങളും സഫലമാക്കിക്കൊണ്ട തന്നെ മുന്നേറുന്നു എന്നു് അതിശയോക്തി ഇല്ലാതെതന്നെ പറയുവാൻ നമുക്കു് സാധിക്കും. ഇവിടെ പഠിച്ചിട്ടുള്ളവരെല്ലാം തന്നെ സമൂഹത്തിൻെറ കെട്ടുപണിക്കായി ആത്മാർത്ഥതയോടെ പ്രവത്തിക്കുവാനുള്ള ആത്മവീര്യവും ഏററുവാങ്ങി പുറത്തിറങ്ങുന്നതു്, അഭിമാനത്തോടുകൂടി നാം ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു.

വളരെ ക്ലേശപൂർണ്ണമായ രാഷ്ട്രീയ പശ്ചാത്തലമായിരുന്നു നൂറു വഷങ്ങൾക്കു് മുമ്പു് നമ്മുടെ നാട്ടിൽ നിലനിന്നിരുന്നതു് എന്നു് നാം പറയാതെ തന്നെ നിങ്ങൾക്കു് അറിവുള്ളതാണല്ലോ. ആ കാലഘട്ടത്തിൽ ഇതുപോലെ ഒരു വിദ്യാലയം ഈ കോട്ടയം പട്ടണത്തിൻെറ ഹൃദയഭാഗത്തു് സ്ഥാപിച്ചെടുക്കുന്നതിൽ പുലിക്കോട്ടിൽ തിരുമേനിയോടൊപ്പം പലരും പ്രവർത്തിച്ചിട്ടുണ്ടു്. ഈ സ്ഥാപനത്തെ സ്മരിക്കുമ്പോൾ; വട്ടശ്ശേരിൽ തിരുമേനി, കണ്ടത്തിൽ വർഗീസ് മാപ്പിള, ഒന്നാമത്തെ പ്രഥമാദ്ധ്യാപകൻ കൂടിയായ കെ. സി. മാമ്മൻ മാപ്പിള, മാരേട്ടു് എ ഫിലിപ്പോസ്, ഇട്ടിച്ചെറിയാ മാസ്റ്റർ, വി. ജി. ജോർജ്ജ് മാസ്റ്റർ, കെ. സി. ജോൺ മാസ്റ്റർ തുടങ്ങി നിരവധി ആളുകളെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ടു്. ഈ ശതാബ്ദി ആഘോഷവേളയിൽ നാം അ

(ശേഷം 6–ാംപേജിൽ)

# ഓർമ്മപ്പെരുന്നാൾ ഡിസംബർ 3–നു്

പത്തനാപുരം: നിരണം ഭദ്രാസന മെത്രാപ്പോലീത്തായും, മൗണ്ടു് താബോർ ദയറാ സ്ഥാപക അദ്ധ്യക്ഷനുമായിരുന്ന കാലംചെയ്ത തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പതിനാറാം ഓർമ്മപ്പെരുന്നാൾ ഡിസംബർ 2, 3 തീയതികളിൽ പത്തനാപുരം ദയറാ ചാപ്പലിൽ ആഘോഷിക്കുന്നതാണ്. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് ആഘോഷങ്ങൾക്കു് പ്രധാന കാർമ്മികത്വം വഹിക്കും.

നവംബർ 29 മുതൽ ഡിസംബർ 2 വരെ എല്ലാ ദിവസവും രാവിലെ വി. കർബ്ബാനയും, സന്ധ്യാപ്രാർത്ഥനയും, രാത്രി 8 നു് കൺവൻഷൻ പ്രസംഗവും ഉണ്ടായിരിക്കുന്നതാണു്. സഖറിയാ മാസ്റ്റർ, ഫാ. ഒ തോമസ്, ഫാ. ററി. ജെ. ജോഷ്വാ, മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്നിവരാണു് കൺവൻഷൻ പ്രസംഗകർ.

ഡിസം: 3 നു് രാവിലെ പ. ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കർബ്ബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും ആശിർവാദവും നേർച്ച വിളമ്പും ഉണ്ടായിരിക്കുന്നതാണു്.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 നവംബർ 11,18 ലക്കം 35

## ധ്യാനപീഠം

# ദുരുപദേശികൾ

'യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്യുവാൻ തന്നെത്താൻ വിററുകളഞ്ഞ ആഹാബ്''– എത്ര ഭീകമായൊരു വർണ്ണനയാണിത്. ഡോക്ടർ ഫോസ്റ്റസ് എന്ന വിദ്വാൻ ഇരുപതു വർഷത്തെ സുഖജീവിതത്തിനു വിലയായി തൻെറ ആത്മാവിനെ സാത്താനു വില്ക്കുകയും ആ കാലഘട്ടം അവസാനിച്ചപ്പോൾ അത്യന്തം ഭയാനകമായൊരു അനുഭവമേല്ക്കേണ്ടിവരികയും ചെയ്തു എന്നൊരു കഥ പാശ്ചാത്യസാഹിത്യത്തിൽ നിലവിലുണ്ട്. തല്ക്കാലത്തെ സുഖാനുഭവത്തിനും, സ്ഥാനമഹിമയ്ക്കും, ധനസമ്പാദനത്തിനുംവേണ്ടി എന്തു ഹീനകൃത്യവും ചെയ്യാൻ തയ്യാറാകുന്ന മനുഷ്യൻ എത്ര ഭീകരനും ഹീനനുമാണ്! ഏറിയും കുറഞ്ഞുമുള്ള അളവിൽ ഇത്തരം കാര്യങ്ങളിൽ പങ്കാളികളല്ലേ, മനുഷ്യരിൽ അധികംപേരും? ഇസ്രായേലിൽ ഒരു പഴഞ്ചൊല്ലാകത്തക്കവിധം അധഃപതിച്ച ആഹാബിൽ, അല്പമെങ്കിലും മനഃസ്സാക്ഷിയോ, ധാർമ്മികതയോ അവശേഷിച്ചിരുന്നെങ്കിൽ അതിനെ എത്രയും പെട്ടെന്ന് നിർമ്മാർജ്ജനം ചെയ്യാൻ തയ്യാറായി ഇസബേൽ അടുത്തുതന്നെ ഉണ്ടായിരുന്നു.

ആരാം രാജാവിനോട് യുദ്ധം ചെയ്ത് ഗിലയാദിലെ രാമോത്ത് പിടിച്ചെടുക്കാൻ ശ്രമിക്കുന്നതിനുമുമ്പ് ആഹാബ് പ്രവാചകന്മാരുടെ ഉപദേശം തേടുന്നുണ്ട്. എങ്ങനെയുള്ള അരുളപ്പാടാണ് ലഭിക്കേണ്ടതു് എന്ന മുൻവിധിയോടെയാണ് രാജാവ് പ്രവാചകന്മാരെ വരുത്തിയത്. അത് അവർ ശരിക്കും മനസ്സിലാക്കി. രാജാവ് ഇച്ഛിച്ചതുപോലെയുള്ള 'അരുളപ്പാട്'തന്നെ നല്കി. എന്നാൽ മീഖായാവ് മാത്രം യഹോവയിങ്കൽ നിന്നുള്ള സത്യമായ അരുളപ്പാട് അറിയിച്ചു. അതു രാജാവിനു രുചിച്ചില്ല എന്നു മാത്രമല്ല, സത്യം പറഞ്ഞതിനു മീഖായാവിനെ കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു. പക്ഷെ ഭോഷ്ക്കു പ്രവചനമായി നൽകിയ 400 പ്രവാചകന്മാർ തന്നെ ചതിക്കുകയായിരുന്നു എന്നറിയാതെ ആഹാബ് ആപത്തിലേക്കു കുതിച്ചു, അതു് അദ്ദേഹത്തിൻെറ ദയനീയ അവസാനവുമായിത്തീർന്നു!

നല്ല ഉപദേശവും മാർഗ്ഗനിർദ്ദേശവും തരുന്ന സുഹൃത്തുക്കൾ

### ഫാ: ജേക്കബ് ചെറിയാൻ

എക്കാലവും ഉത്തമന്മാരായിരിക്കും. അവരുടെ സൗഹൃദം ഒരപകടവും വരുത്തുകയുമില്ല. അവരുടെ നിർദ്ദേശങ്ങളും ശാസനകളും എല്ലായ്പോഴും മധുരമായി തോന്നുകയില്ലായിരിക്കാം. പക്ഷെ കർക്കശമായ ശാസനകൾ നൽകുമ്പോഴും അവർ സുഹൃത്തിൻെറ നന്മയും ക്ഷേമവും മാത്രമായിരിക്കും ലക്ഷ്യമാക്കുക. അത്തരം സുഹൃത്തുക്കളെ ലഭിക്കുന്നതുതന്നെ ഭാഗ്യമാണ്. മറിച്ച്, ആഹാബിനെ വഴിതെററിച്ച വ്യാജപ്രവചനക്കാരെപ്പോലെ വഴിതെററിക്കുന്ന സുഹൃത്തുക്കളുമുണ്ട്. അവരുടെ ഉപദേശം മനുഷ്യരെ വീഴ്ചയിലേക്കുതന്നെ നയിക്കും. ആരാണ് ഉത്തമനായ സ്നേഹിതൻ? തൻെറ സ്നേഹിതനു തിന്മവരുത്താതെയും, സ്നേഹിതനെക്കൊണ്ട് തിന്മചെയ്യിക്കാതെയും നേർവഴിക്കു നടത്താൻ ഉതകുന്നവൻ; അല്ലാതെയാരാണ് ഉത്തമസ്നേഹിതൻ എന്ന പേരിനർഹൻ?

നാബോത്തിൻെറ പിതൃസ്വത്തവകാശമായ മുന്തിരിത്തോട്ടം തനിക്കു വേണമെന്നാഗ്രഹിച്ച് ആവശ്യപ്പെട്ട ആഹാബിന്, നാബോത്തിൻെറ നിഷ്ക്കപടവും, കർക്കശവുമായ മറുപടി കേട്ടപ്പോൾ നിരാശയുണ്ടായി. തൻെറ പിതാക്കന്മാരുടെ അവകാശം കൈമറിഞ്ഞുപോകാൻ അനുവദിക്കാത്ത നാബോത്തിൻെറ അഭിമാനത്തിനു മുമ്പിൽ തലവണങ്ങേണ്ട ആഹാബിന് നാബോത്തിൻെറ നേരെ നീരസമുണ്ടായതു് അമിതമായ സ്വാർത്ഥതയും, അത്യാഗ്രഹവും മൂലമായിരിക്കണം. വെറുതെ തോട്ടം ഏറെറടുക്കാൻ' വ്യവസ്ഥയില്ലാഞ്ഞതുകൊണ്ടാണല്ലോ ഉടമയോടു ചോദിക്കേണ്ടിവന്നതു്. എന്നാൽ മറെറാരാളിൻെറ സ്വത്തു്, അയാളുടെ സമ്മതമില്ലെങ്കിലും തൻേറതാകണമെന്ന ചിന്ത ഒരു രാജാവിനെന്നല്ല, ഒരു സാധാരണക്കാരനുപോലും ചേർന്നതല്ല. എങ്കിലും ആഹാബിനു നിരാശതന്നെ. ഈ നിരാശാബോധത്തിനുശേഷം എന്തു സംഭവിക്കും എന്നു ചിന്തിക്കാൻ സാവകാശം കിട്ടുന്നതിനുമുമ്പുതന്നെ മറെറാരാളിൻെറ രംഗപ്രവേശമായി–യഹോവയുടെ പ്രവാചകനെപ്പോലും നിന്ദിക്കുന്ന ഇസബെൽ.

ആഹാബിൻെറ മനസ്സിനെ മഥിക്കുന്ന വിഷയം ഇസബെലിനു നിസ്സാരമാണ്. നിമിഷങ്ങൾക്കകം അവൾ അതിനു പോംവഴികണ്ടുപിടിച്ചുകഴിഞ്ഞു. മുന്തിരിത്തോട്ടം അവൾ എങ്ങനെ കൈവശപ്പെടുത്തും എന്നു ചോദിക്കാൻ ആഹാബു് മിനക്കെട്ടില്ല. അഥവാ ചോദിച്ചിരുന്നെങ്കിൽപോലും തൻെറ പദ്ധതി ഇസബെൽ വെളിപ്പെടുത്തുമായിരുന്നോ എന്നതു വ്യക്തമല്ല. ഇസബേലിൻെറ വക്രബുദ്ധി പ്രവർത്തിച്ചപ്പോൾ നിഷ്ക്കളങ്കനായ നാബോത്ത് ഹാബേലിനെപ്പോലെ വധിക്കപ്പെട്ടു. തോട്ടം വേഗം കൈവശമാക്കാൻ ഇസബെൽ ആഹാബിനെ പ്രബോധിപ്പിക്കുന്നു. എല്ലാം ഭദ്രം!

പക്ഷെ, നിരുപദ്രവിയുടെ കൊലയ്ക്കു പകരം ആഹാബും ഇസബെലും ദാരുണമായി കൊല്ലപ്പെടുകയും, നായ്ക്കൾ അവരുടെ ഭൗതീക ശരീരത്തിൽനിന്നും തങ്ങളുടെ വിശപ്പും ദാഹവും അടക്കുകയും ചെയ്തു!

മനുഷ്യർ നിരാശരോ, അഥവാ അത്യാഗ്രഹികളോ ആകുമ്പോഴാണല്ലോ അവർക്കു് ഉപദേശം വേണ്ടിവരുന്നതു്. 'നിധി'യിൽ കണ്ണുള്ളവർ, നിധി കാട്ടിക്കൊടുക്കാമെന്നു പറയുന്നവരുടെ പുറകെ കൂടും. പിശാച് തൻെറ ദുരുപദേശങ്ങൾ വാരിവിതറുന്നതു്, നിരാശരും അത്യാഗ്രഹികളുമായവരിലാണ്. അവിടെ നേർവഴി കാണിച്ചുകൊടുക്കുന്ന മാർഗ്ഗദർശികളില്ലെങ്കിൽ, അത്തരം മനുഷ്യർ അത്യാപത്തിൽത്തന്നെ ചെന്നുചാടും.

ആഹാബിൻെറ അത്യാഗ്രഹവും, അതിൽനിന്നുളവായ നിരാശയും അസ്ഥാനത്താണിന്നും, അന്യൻെറ മുതൽ ന്യായരഹിതമായി കാംക്ഷിച്ചതു് ന്യായീകരിക്കത്തക്കതല്ലെന്നും യഥാസമയം ഉപദേശം നൽകാൻ ഇസബെലിനു കഴിഞ്ഞെങ്കിൽ കഥയുടെ ഗതി മറെറാരുവഴിക്കായേനേ! ഉള്ള നിരാശയും, സ്പർദ്ധയും വർദ്ധിപ്പിച്ച് എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്ന ഉപദേശകരെയാണ് ആക്രമിക്കാൻ വരുന്ന ശത്രുക്കളേക്കാൾ അധികം ഭയപ്പെടേണ്ടതു്.

**പ്രാർത്ഥന:** ദൈവമേ! ഞങ്ങൾ പരാജയങ്ങളിലും നിരാശയിലും വീഴുമ്പോൾ ഞങ്ങൾക്കു ശരിയായ ഉൾക്കാഴ്ചയും മാർഗ്ഗനിർദ്ദേശവും തരണമേ. അതിനുവേണ്ടി നല്ല സുഹൃത്തുക്കളെ ഞങ്ങൾക്കായി കരുതിവയ്ക്കണമെ! ഞങ്ങളുടെ സുഹൃത്തുക്കൾ മാർഗ്ഗഭ്രംശത്തിലോ, നിരാശയിലോ നിപതിക്കുമ്പോൾ, അവരെ വീണ്ടും ആഴത്തിലേക്കു താഴ്ത്താതെ, കൈപിടിച്ചുയർത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ.

**ചിന്താവിഷയം** 1രാജാ. 21:7. 'അവൻെറ ഭാര്യ ഇസബെൽ അവനോട്: നീ ഇന്ന് ഇസ്രയേലിൽ രാജ്യഭാരം വഹിക്കുന്നുവോ? എഴുന്നേററു ഭക്ഷണം കഴിക്ക; നിൻെറ മനസ്സുതെളിയട്ടെ; യിസ്രയേല്യനായ നാബോത്തിൻെറ മുന്തിരിത്തോട്ടം ഞാൻ നിനക്കുതരും എന്നുപറഞ്ഞു'

## ധ്യാനവേദി അദ്ധ്യായം അഞ്ച്

# ക്രിസ്താനുകരണം

### തോമസ് എ. കെംപിസ്

### വിവ. പ്രൊഫ. കെ. വി. തമ്പി

ദിവ്യസ്നേഹത്തിൻെറ അത്ഭുതപൂർണ്ണമായ ഫലത്തെപ്പററി

ശിഷ്യൻ:– സ്വർഗ്ഗസ്ഥനായ പിതാവേ, എൻെറ നാഥനായ യേശുക്രിസ്തുവിൻെറ താതാ, എന്നെപ്പോലെയുള്ള ഒരു ക്ഷുദ്രസൃഷ്ടിയെ നിൻെറ കൃപയിൽ സ്മരിച്ചതിനാൽ ഞാൻ നിനക്ക് ധന്യവാദം അർപ്പിക്കുന്നു. അല്ലയോ കരുണാമയനായ പിതാവേ, സമസ്ത പ്രോത്സാഹനങ്ങളും അരുളുന്ന ദൈവമേ! ഞാൻ നിനക്ക് നന്ദി അർപ്പിക്കുന്നു. ഞാൻ ഒരു സൗഖ്യവും അർഹിക്കാഞ്ഞപ്പോൾ എന്നെ പ്രോത്സാഹിപ്പിക്കാൻ നിൻെറ സാന്ത്വനത്തെ അയച്ചുവല്ലോ. ഏകജാതനു ജന്മമേകിയ അല്ലയോ പിതാവേ! സൗമ്യദായകനായ പരിശുദ്ധാത്മാവേ ഞാൻ നിനക്ക് സദാ ധന്യവാദവും ശാശ്വത മഹത്വവുമേകുന്നു.

പ്രിയനാഥാ! ദൈവമേ! അല്ലയോ പരിശുദ്ധനായ ഏകാത്മാവേ എൻെറ ആത്മാവിൻെറ കാമുകാ! നീ എൻെറ ഹൃദയത്തിലേക്ക് സമാഗതനാകുമ്പോൾ എന്നുള്ളിലുള്ളതെല്ലാം ആഹ്ലാദത്തോടെ കുതിച്ചുയരുന്നു. നീ എൻെറ മഹത്വം ആകുന്നു; എൻെറ ഹൃദയത്തിൻെറ ആനന്ദോത്സവം ആകുന്നു. നീ എൻെറ ആശയാകുന്നു. അപായത്തിൻെറ വിനാഴികയിൽ എൻെറ അഭയമാകുന്നു.

എന്നാലും ഞാനിപ്പോഴും സ്നേഹത്തിൽ ദുർബ്ബലനാണ്; നന്മയിൽ അപൂർണ്ണനാണ്. എനിക്ക് നിൻെറ ബലവും സാന്ത്വനവും ആവശ്യമുണ്ട്. അതുകൊണ്ട് കൂടെക്കൂടെ എന്നെ സന്ദർശിക്കുകയും നിൻെറ വിശുദ്ധമായ സംയമത്താൽ എന്നെ പ്രബോധിപ്പിക്കുകയും ചെയ്യുക തിന്മയുടെ വികാരങ്ങളിൽനിന്ന് എന്നെ മുക്തനാക്കുക; എൻെറ ഹൃദയത്തെ അതിൻെറ എല്ലാ അരാജകഭാവങ്ങളിൽനിന്നും വിമുക്തമാക്കുക; എങ്കിൽ ഞാൻ അരോഗനും ആന്തരികശുദ്ധിയുള്ളവനും ആകും. സ്നേഹിക്കാൻ യോഗ്യനും യാതനപ്പെടാൻ ശക്തനും സഹിക്കാൻ സ്ഥിരതയുള്ളവനും ആയിത്തീരും.

സ്നേഹം മഹത്തായ ഒരു വസ്തുവാണ് തികച്ചും നന്മയാർന്ന പാരിതോഷികം; ഭാരങ്ങളെ ലഘുവാക്കുന്ന ഒരേയൊരു വസ്തു; അതു് അനായാസമായി കഠിനമായതിനെ വഹിക്കുന്നു. അതു് ഒരു ഭാരത്തെ, അനുഭവിക്കാതെതന്നെ ആവഹിക്കുന്നു. തിക്തമായ സകലത്തേയും മധുരവും രോചകവും ആക്കുന്നു. യേശുവിൻെറ സ്നേഹം പ്രഭുതയാർന്നതു്; അതു് മഹാകാര്യങ്ങൾ അനുഷ്ഠിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു പൂർണ്ണതയുടെ അടുത്തപടി അഭിലഷിക്കത്തക്കവണ്ണം നമ്മെ അനുസ്യൂതം ചലിപ്പിക്കുന്നു. സ്നേഹം ഉന്നതസ്ഥലികളിൽ വസിക്കുവാൻ അഭിലഷിക്കുന്നു: അധമമായ യാതൊന്നിനാലും അതു് അമർത്തപ്പെടുന്നില്ല. സ്നേഹം മുക്തമാകാൻ അഭിലഷിക്കുന്നു എല്ലാ ഭൗമപ്രിയതകളിൽനിന്നും വേർപെടാനും. എങ്കിൽ ആത്മാവിൻെറ നയനങ്ങൾ മങ്ങുകയില്ല. കാലികമായ ഒരു നേട്ടവും അതിനെ കുടുക്കുന്നില്ല. ഒരു പ്രതിബന്ധവും അതിൻെറ പതനത്തിന് കാരണമാകുന്നില്ല.

സ്നേഹത്തേക്കാൾ മറെറാന്നും മധുരതരമല്ല; മറെറാന്നും കൂടുതൽ ശക്തമല്ല; മറെറാന്നും അധികോന്നതമല്ല; മറെറാന്നും വിശാലതരമല്ല; മറെറാന്നും സുഖ്യാതിരേകമുള്ളതല്ല; മറെറാന്നും കൂടുതൽ സമ്പന്നമല്ല; സ്വർഗ്ഗത്തിലോ ഭൂമിയിലോ മറെറാന്നും നലമേറിയതല്ല. സ്നേഹം ദൈവത്തിൽനിന്നു ജനിക്കുന്നു. അതിന് ദൈവത്തിലല്ലാതെ മറെറങ്ങും വിശ്രാന്തിയില്ല. അതു് എല്ലാ സൃഷ്ടികൾക്കും അതീതമാണ്. സ്നേഹിക്കുന്നവൻ ചിറക്

(ശേഷം 6–ാം പേജിൽ)

## ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

### പ്രൊഫ. എൻ. ഐ. നൈനാൻ, ശൂരനാട്

സ്ലീബാ– മാവ്ർബാശിലുകൾ
(ത്തുബൈക് മറിയം
ബസ്ദാവീദ്)

ഗീതം—

1 ഹാ! നിൻ ഭാഗ്യം ദാവീ
ദിൻ മകൾ മറിയാമേ!
ദൈവം നിന്നിൽനിന്നു
ശരീരം പൂണ്ടിട്ടാദാ–
മ്യരെയടിമയൊഴിച്ചെ-
ച്ചെല്ലാം വീണ്ടു.

2 നിബിയന്മാർ ശ്ലീഹന്മാർ
സഹദേന്മാർ നീതി–
ജ്ഞന്മാർ
ആചാര്യന്മാർ ലേവിയ
രായോരെ!
പ്രാർത്ഥി–പ്പീൻ മശിഹാ–
കൃപ ചെയ്യാൻ ഞങ്ങടെ
മേൽ

3 നിൻഗാത്രം ഭക്ഷിച്ചും-
നിൻരക്തം പാനംചെയ്തും
ശരണത്താൽ മൃതരായോർ
ക്കാശ്വാസത്തോടോർമ്മ–
യുമലിവോടുളവാക്കെൻ
നാഥാ!
ബാറെക്മോർ
ശുബഹോ.
മെനഓലം.

4 മാലാകാ നാഥാ!നിന്നുടെ
മാതാ താനും
പരിശുദ്ധന്മാരുമണയ്ക്കും
പ്രാർത്ഥനയാൽ
ശുശ്രൂഷകൾ കൈക്കൊ
ണ്ടരുൾ ചെയ്യേണം.
ആമ്മീൻ.

അർത്ഥം–

ദാവീദുപുത്രിയായ വിശുദ്ധ മറിയാമേ നീഭാഗ്യവതിയാകുന്നു. മഹോന്നതനായ ദൈവം നിന്നിൽനിന്നു ശരീരം ധരിച്ച് ആദാമ്യ സന്തതികളെയെല്ലാം സാത്താൻെറ അടിമത്തത്തിൽനിന്നു വീണ്ടെടുത്തുവല്ലോ.

ദീർഘദർശികളെ! അപ്പൊസ്തലന്മാരേ! രക്തസാക്ഷികളേ! നീതിമാന്മാരേ! പുരോഹിതന്മാരേ! മിശിഹാതമ്പുരാൻ ഞങ്ങളുടെമേൽ കൃപ ചെയ്യണമെന്ന് നിങ്ങളെല്ലാവരും പ്രാർത്ഥിക്കുവിൻ.

സകലത്തിൻെറയും നാഥാ! നിൻെറ തിരുശരീരം ഭക്ഷിക്കയും നിൻെറ തിരുരക്തം പാനം ചെയ്കയും ചെയ്തുകൊണ്ട് നിന്നോടുള്ള ശരണത്തിൽ വാങ്ങിപ്പോയിരിക്കുന്നവരായ ഞങ്ങളുടെ മരിച്ചോർക്ക് നീ ആശ്വാസം നൽകണമേ. അവരുടെമേൽ ദയ തോന്നി അവരുടെ ഓർമ്മയെ അനുഗ്രഹിക്കണമേ.

സ്വർഗ്ഗീയ മാലാഖമാരുടെ നാഥനായുള്ളോവേ! നിൻെറ വിശുദ്ധ മാതാവും സകല പരിശുദ്ധന്മാരും ഞങ്ങൾക്കു വേണ്ടി നിന്നോടു അപേക്ഷിച്ചുകൊണ്ടേയിരിക്കുന്നു. അവരുടെ പ്രാർത്ഥനകൾ സ്വീകരിച്ചു ഞങ്ങളോടു കരുണ ചെയ്യേണമേ.

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം പത്തൊമ്പതു്

വേനലിൻെറ അവസാനമായിരുന്നതിനാൽ ആകാശത്തിൻെറ താഴ്ന്ന ചെരിവുകളിൽ കാർമേഘത്തിൻെറ നിഴലാട്ടം കണ്ടുതുടങ്ങിയിരുന്നു. പുതുവർഷത്തിൻെറ നാന്ദി കുറിക്കാനെന്നവണ്ണം എവിടെയോനിന്നും മഴത്തുള്ളികളെ ഗർഭംധരിച്ച കാററൂതിക്കൊണ്ടിരുന്നു.

ഡോക്ടർ ജയകുമാറിൻെറ വസതിക്കുമുമ്പിൽ കറിയാച്ചൻെറ വെളുത്ത ഫിയററുകാർ വന്നുനിന്നു. കാറിൽനിന്നു, ആദ്യം ഇറങ്ങിയതു് കറിയാച്ചനും വറീതുചേട്ടനുമായിരുന്നു. അവസാനമായി ജയ്സണും.

ഡോക്ടർ ജയകുമാർ വർഷങ്ങളായി നഗരത്തിലെ അറിയപ്പെടുന്ന ഡോക്ടറാണ്. അദ്ദേഹത്തിൻെറ ഭാര്യയും മനോരോഗ ചികിത്സാ വിഭാഗത്തിൽ പ്രത്യേകം പ്രാവീണ്യം ലഭിച്ചതാണ്. വീടിനോടു ചേർന്നുള്ള ഒരു ഇരുനില കെട്ടിടമാണ് ആശുപത്രി. നിരവധി രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടു്. അവരിൽ പലരും കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നവരാണ്.

അവർ ക്ലീനിക്കിൻെറ വരാന്തയിൽ കിടന്ന ചൂരൽകസേരകളിൽ ഇരുന്നു. അവരെക്കൂടാതെ വേറെയും രോഗികളുണ്ടായിരുന്നു. എല്ലാവരും ഡോക്ടർ വരുന്നതും കാത്തിരിക്കുന്നവരാണ്.

ഏതാനും മിനിററുകൾക്കകം ഡോക്ടർ എത്തി.

ഓരോരുത്തരായി വന്നതിൻെറ ക്രമമനുസരിച്ച് പേരുകൾ വിളിച്ചുതുടങ്ങി. മൂന്നാമതായി വിളിച്ചതു് ജയ്സൻെറ പേരായിരുന്നു.

അവർ മൂവരുംകൂടി ജയ്സണെയുംകൊണ്ടു് അകത്തേക്കു കടന്നുചെന്നു. അവർ ജയ്സൻെറ കാര്യമെല്ലാം വിശദമായി പറഞ്ഞു കേൾപ്പിച്ചു.

'രണ്ടുമൂന്നു് ദിവസം ഇവിടെ കിടക്കണം'

ഡോക്ടർ പറഞ്ഞു. 'അതു കഴിഞ്ഞു് വീട്ടിലിരുന്നു് മരുന്നുകഴിച്ചാൽ മതി'

കറിയാച്ചൻെറയും വറീതിൻെറയും ശ്രമഫലമായി ജെയ്സണെ മൂന്നു ദിവസത്തേക്കു ആശുപത്രിയിൽ കിടത്തി. അവൻ ഇടക്കിടെ വീട്ടിലേക്കു് പോരണമെന്നുപറഞ്ഞു് വലിയ ബഹളം സൃഷ്ടിച്ചു. പക്ഷേ ഡോക്ടറുടെ സമർത്ഥമായ ഇടപെടൽകൊണ്ടു് ഒരു വിധത്തിൽ അവനെ രണ്ടുമൂന്നു ദിവസത്തേക്കു് അവിടെ കിടത്താൻ കഴിഞ്ഞു. അതിനിടെ ഡോക്ടർ പല പരീക്ഷണങ്ങളും നടത്തി.

പോകാൻനേരം ഡോക്ടർ കറിയാച്ചനെയും വറീതിനേയും പ്രത്യേകം വിളിച്ചുപറഞ്ഞു.

'വീട്ടിലെത്തിയാലും മുറക്കു മരുന്നുകൾ കഴിച്ചുകൊണ്ടിരിക്കണം. പിന്നെ പ്രധാനമായും ഒരു കാര്യം ശ്രദ്ധിക്കണം. അവനു് മനസ്സിനു് യാതൊരു വിഷമം തോന്നാൻ ഇടവരരുതു്. എന്തെങ്കിലും വിഷമം തോന്നിയാൽ അവനെ രോഗം വല്ലാതാക്കും. അവനെന്തു കാണിച്ചാലും നിങ്ങൾ വഴക്കു പറയരുതു്. അവനു് മരുന്നിനോടൊപ്പം നിങ്ങളുടെ സ്നേഹവും വേണം. 'പിന്നെ എന്നും വൈകുന്നേരം അവനെയുംകൊണ്ടു് കുറെനേരം പാർക്കിലോ ബീച്ചിലോ പോകണം. കാറുള്ളതുകൊണ്ടു് അതൊരു ബുദ്ധിമുട്ടായി തോന്നില്ലല്ലോ?

'ശരി ഡോക്ടർ' കറിയാച്ചൻ എല്ലാം ശ്രദ്ധിച്ചുകേട്ടു.

അന്നു വൈകുന്നേരം അവർ വീട്ടിൽ തിരിച്ചെത്തി. ജയ്സണിൽ കാര്യമായ മാററങ്ങൾ കണ്ടുതുടങ്ങി.

അവൻ തൻെറ കാര്യങ്ങൾ ആരും പറയാതെതന്നെ ചെയ്യാൻ ആരംഭിച്ചിരുന്നു. അവൻ തൻെറ മുറിയിൽനിന്നും പുറത്തിറങ്ങാൻ തുടങ്ങി. കൃത്യസമയത്തുതന്നെ മരുന്നുകഴിക്കുന്നതുകൊണ്ടു് രോഗത്തിനു് പെട്ടെന്നു് ശമനംകണ്ടുതുടങ്ങി. അവൻ സദാസമയവും പൂമുഖത്തുകൂടി ഉലാത്തിക്കൊണ്ടിരുന്നു. അവൻെറ മനസ്സിൽ തളംകെട്ടിനിന്ന ദുഃഖത്തിൻെറ അലകൾ എവിടെയോ ഓടി ഒളിച്ചതുപോലെതോന്നി. അവൻെറ കണ്ണുകൾക്കു് ഒരു ചൈതന്യവും പ്രഭാവവും വീണ്ടുകിട്ടി. അവൻെറ മിഴികളിൽനിന്നും നിരാശയുടെ മൂടൽമഞ്ഞു നീങ്ങി. പകരം പ്രത്യാശയുടെ ചെങ്കിരണങ്ങൾ പ്രതിബിംബിച്ചു.

അവൻെറ ചുണ്ടുകളിൽ എവിടെയോനിന്നും മൂളിപ്പാട്ടിൻെറ ഈണങ്ങൾ ഒഴുകിനടന്നു.

അവൻ ഭംഗിയായി ഷേവു ചെയ്തു നടക്കാൻതുടങ്ങി. അവൻെറ ആത്മാവിൽ പുതിയ പുലരികൾ നാമ്പിട്ടു. നഷ്ടപ്പെട്ട തേജസ്സും ഓജസ്സും വീണ്ടും അവൻെറ സിരകളിൽ നവോന്മേഷം പകർന്നു.

പിറേറന്നുതന്നെ കറിയാച്ചൻ ഡോ:ജയകുമാറിനെ ചെന്നുകണ്ടു. അവനിലുണ്ടായ വ്യതിയാനങ്ങളെക്കുറിച്ചും കറിയാച്ചൻ വിശദമായി ഡോക്ടറെ ധരിപ്പിച്ചു.

ഡോക്ടർ അപ്പോഴും കറിയാച്ചനോടു പ്രത്യേകം പറഞ്ഞു.

'അവനെയുംകൊണ്ടു് എല്ലാ വൈകുന്നേരവും പാർക്കിലോ ബീച്ചിലോ പോകണം. കുറെനേരം കാററുംകൊണ്ടു് ഇരിക്കട്ടെ. അങ്ങനെ അവൻ എല്ലാ നൊമ്പരങ്ങളും മറന്നു് പുതിയൊരു പന്ഥാവിലേക്കു് കടക്കട്ടെ. പിന്നെയും വിശേഷിച്ചു് ഒരു കാര്യംകൂടി പറയാനുണ്ടു്.

ഈ അവസരത്തിൽ അവൻെറ മനസ്സിനു് യാതൊരു വിഷമവും ഉണ്ടാകരുതു്. അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ സംഗതി ഗുരുതരമായിരിക്കും. പിന്നെ അവനെ സുഖപ്പെടുത്താൻ വലിയ വിഷമമാണ്. അക്കാര്യം ശ്രദ്ധിക്കണം....

'ശരി, ഡോക്ടർ' കറിയാച്ചൻ കൈകൾ കൂപ്പിക്കൊണ്ടു യാത്രപറഞ്ഞിറങ്ങി. വളരെയേറെ മാസങ്ങളായി കറിയാച്ചൻെറ മനസ്സിൽ ഒരു ആശ്വാസത്തിൻെറ വീചികൾ തെളിഞ്ഞു.

അന്നു വൈകുന്നേരം കറിയാച്ചൻ വറീതിനോടു പറഞ്ഞു. ഇന്നു നമുക്ക് ഇവനെയുംകൊണ്ടു് കടലോരത്തു പോകാം.

വറീതും സമ്മതിച്ചു.

'ഞാൻ ചെന്നു് അവനോടു് ഒന്നു പറയട്ടെ'

വറീതു് ജയ്സണോടു് വിവരം പറഞ്ഞു. അവനതു് നൂറുവട്ടം സമ്മതമായിരുന്നു.

(തുടരും)

---

### സാങ്കേതിക സഹായം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ ഭദ്രാസന കേന്ദ്രങ്ങളിലും, പള്ളികളിലും സ്ഥാപനങ്ങളിലും നിർമ്മാണപ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നുണ്ടു്. എന്നാൽ ഇവക്കാവശ്യമായ സാങ്കേതിക വിദഗ്ദ്ധോപദേശം പലപ്പോഴും പരിമിതമായേ ലഭിക്കാറുള്ളു. ഈ കാര്യത്തിൽ മതിയായ സാങ്കേതിക മേൽനോട്ടം വഹിക്കുവാൻ വിദഗ്ദ്ധരായ എഞ്ചിനീയറിംഗ് ബിരുദധാരികളുടെ സൗജന്യസേവനം ആവശ്യമുള്ളവർ എ.എം. മാത്യു, ഡയറക്ടർ; എ. ഇ ബി. വിംഗ്; എം. ഡി. സെമിനാരി; കോട്ടയം—1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

---

കവിത

### നിന്നിലലിയാൻ

അന്തിക്കതിരുകളണിയും ഗിരിനിര-
യെന്നും പൊന്നിൻ കസവു ധരിക്കെ;
മണ്ണും വിണ്ണും നലമൊടു പുണരും-
കണ്ണിന്നുത്സവമെന്നും സന്ധ്യ!!
വാനമ്പാടികൾ നീട്ടിപ്പാടും ഗാന-
ലയത്തിൽനിന്നുയിരാർന്നിടു-
മാത്മാവിൻെറയനശ്വരഗീതം-
സ്തോത്രാഞ്ജലിയായ് വീണലിയുന്നു!?
രജനീഹൃദയം നിറയും നിർമ്മല-
സുരഭീഗന്ധം, മധുരനിവേദ്യം
വാരിച്ചൂടും പ്രകൃതീശ്വരിയുടെ-
സിരകളിലുണർവ്വിൻ ശക്തി പകർന്നു!
മിന്നിവിടർന്നതിരമ്യം, ഗഗനേ-
മുത്തായ്, താരകശോഭ പരന്നു!
വ്രീളാമുഖിയായ്, മധുചന്ദ്രികയായി-
വന്നുപിറന്നു മധുമുഖി മേലേ!
ദിവ്യമനോഹരമായൊരുഭാവം-
മുഴുകീ ദിക്കുകളെട്ടും നിൽക്കെ;
കരളും, നമ്രശിരസ്സും, കൂപ്പിയ-
കൈകളുമായ് ഞാൻ നിലകൊള്ളുന്നു!!
പതിവായ് കണ്ണിന്നമൃതു നിറക്കും-
പരമാത്മാവിന്നൽഭുതശക്തി:
പരവശനെന്നുടെയാത്മാവിങ്കൽ-
പരിണയധർമ്മമുണർത്തീടുന്നു!!
പ്രണമിക്കുന്നു, വിശ്വമൊരുക്കിയ-
പരമാനന്ദപ്പൊരുളേ നിന്നുടെ-
വിജ്ഞാനത്തിൻ ശക്തിപ്പൊലിമയി-
ലലിയുന്നെന്നിലെയെന്നെയുണർത്താൻ-
താവകസന്നിധി തേടും മനമി-
ന്നെഴുതിയിരിയിട്ട വിളക്കായ് നിൽക്കെ;
ചിന്മയരൂപംകാട്ടുക മാമക-
ജന്മം നിന്നിലുണർന്നലിയട്ടെ.

വെള്ളനാട് ഡെന്നിസൻ

# സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്

ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനാസംഗീതം പുതിയ രൂപഭാവങ്ങൾ ഉൾക്കൊണ്ട് സഭയാകമാനം ഒരേകീകൃത ഗാനശൈലിക്ക് രൂപം നല്കുന്നതിനുവേണ്ടി, ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ നേതൃത്വത്തിൽ 'സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്' എന്ന നാമധേയത്തിൽ ഒരു ആരാധനാ സംഗീത പരിശീലന കേന്ദ്രം ആരംഭിക്കുവാൻ പോകുകയാണ്. സുറിയാനി രാഗബദ്ധമായ സംഗീത ശൈലിയുള്ള നമ്മുടെ ആരാധനാക്രമം കൂടുതൽ ആകർഷകമായും ഏവർക്കും ഒരുമിച്ച് പാടുവാൻ കഴിയുംവിധത്തിലും ആരാധനാഗീതങ്ങളുടെ രാഗം സഭയാകമാനം ഏകീകരിക്കുന്നതിനും ക്രിസ്തീയ സംഗീതമാധ്യമത്തിലൂടെ ക്രിസ്തീയ സന്ദേശം ഏവർക്കും പകർന്നു കൊടുക്കുന്നതിനും ഈ സ്ഥാപനംവഴി സാധിക്കും.

വൈവിധ്യമാർന്ന ശാസ്ത്രസാങ്കേതിക രംഗങ്ങൾ നവീനങ്ങളായ ദൃശ്യശ്രാവ്യ മാധ്യമങ്ങൾക്ക് രൂപം നല്കുകയും അവ സാമൂഹ്യതലത്തിൽ ആഴമായ സ്വാധീനം ചെലുത്തുന്നതുമായ ഈ കാലഘട്ടത്തിൽ സുവിശേഷസന്ദേശങ്ങളടങ്ങിയ മാധ്യമങ്ങൾക്ക് രൂപം നല്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ സന്ദേശങ്ങളും വേദപുസ്തകത്തിന്റെ ആന്തരികമായ അന്തസത്തകളും ലളിത പദങ്ങൾകൊണ്ട് ആശയപ്രകാശനം നടത്തിയിരിക്കുന്നതുമായ ആരാധനാഗീതങ്ങൾ സംഗീതാത്മകമാക്കി ഭക്തഹൃദയങ്ങളെ ദൈവികസന്നിധിയിലേയ്ക്ക് എത്തിക്കുന്നതിനുപകരിക്കും. ക്രൈസ്തവ ജീവിതത്തിന്റെ ഉൾക്കാഴ്ചയ്ക്ക് ഉപയുക്തമായ സ്വാധീനം പകരാൻ ആരാധനാസംഗീതത്തിലൂടെ സാധിക്കും. മലങ്കര സുറിയാനി സഭയിലെ ആരാധനാശൈലിയും സംഗീതവും അഭ്യസിപ്പിച്ചിരുന്നത് വൈദിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടായിരുന്നു. എന്നാലിതാദ്യമായാണ് വൈദികാവൈദികർക്ക് പങ്കാളിത്തം നല്കിക്കൊണ്ട് കേന്ദ്രീകൃതമായ ഒരു സംഗീത പരിശീലനം ആരംഭിക്കുന്നത്.

ക്രിസ്തീയസംഗീതത്തിന്റെയാരംഭം ആരാധനയും സംഗീതവും ഒരുപോലെ ഉപയോഗിച്ചിരുന്ന യഹൂദ സുന്നഗോഗുകളിൽനിന്നായിരുന്നു; ക്രിസ്തീയസംഗീതത്തിന്റെ ആരംഭവും അടിസ്ഥാനവും ആരാധനയാണ്. 'ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എപ്പോഴും എല്ലാററിനുംവേണ്ടിയും സ്തോത്രം ചെയ്തുകൊൾവീൻ' എന്ന് വി. പൗലോസ് ശ്ലീഹാ എഫേസോസിലുള്ള (എഫേ. 5:19) ജനങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്. ചരിത്രാതീതകാലം മുതൽക്കുതന്നെ മനുഷ്യനെ ഹഠാദാകർഷിച്ചിട്ടുള്ള സംഗീതം ഭക്തിമാർഗ്ഗത്തിലൂടെയാണ് മനുഷ്യസംസ്ക്കാരത്തിൽ എത്തിച്ചേർന്നത്. ഭക്തിസാന്ദ്രത വ്യഞ്ജിപ്പിച്ച് മനുഷ്യമനസ്സുകളെ ആർദ്രമാക്കുന്നതിനും ഹൃദയദ്രവീകരണത്തിലേക്ക് എത്തിക്കുന്നതുമായ ആരാധനാ സംഗീതകല നിത്യസൂനങ്ങളേപ്പോലെ പൂത്തുലഞ്ഞു പരിലസിക്കുന്ന അനേക ഗാന–കീർത്തനങ്ങൾക്ക് ജന്മമേകിയിട്ടുണ്ട്.

നാദഭാഷയായ സംഗീതത്തിന് മനുഷ്യന്റെ വിചാര വികാരങ്ങളെ ആകർഷിക്കുന്നതിനും അവന്റെമേൽ സ്വാധീനം ചെലുത്തുന്നതിനും കഴിയും. എന്നാലിതു മനുഷ്യന്റെ ബോധതലങ്ങളെ സാന്ദ്രമാക്കി അനുതാപത്തിന്റെയും ഭക്തിയുടേയും നിറവിൽ ദൈവിക ബന്ധത്തിലേക്ക് എത്തിക്കുന്നതിന് സഹായിക്കുന്നത് ആരാധനയ്ക്കുപയോഗിക്കുന്ന സംഗീതശൈലിയാണ്. ആരാധനയിലെ സംഗീതത്തെ പരിരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടി നടത്തുവാനിരിക്കുന്ന നൂതനസംരംഭങ്ങളെക്കുറിച്ച് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ടി. ജെ. ജോഷ്വാ വിശദമാക്കുന്നു:

സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്ക് എന്ന സ്ഥാപനം ഇടവകകളിൽ ഗായകസംഘം രൂപവത്ക്കരിക്കുന്നതിനും അതിനായി ക്വയർ ലീഡേഴ്സിനു പരിശീലനം നല്കുന്നതിനും സാധിക്കും.

പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനായി ഗാനങ്ങൾ രചിക്കുന്നതിനും ക്രിസ്തീയസംഗീതം കാസെററുകൾവഴി എത്തിക്കുന്നതിനും കഴിയും. പ്രത്യേകിച്ച് കൺവൻഷനുകൾ, പെരുന്നാളുകൾ, ക്രിസ്തുമസ്, യുവജന കോൺഫ്രൻസുകൾ എന്നിവയിൽ ഉപയോഗിക്കത്തക്കവിധം കാലഘട്ടത്തിനനുസൃതമായ ഗാനങ്ങളും റിക്കാർഡു ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പാരിഷ്മിഷനും ഗായക സംഘത്തിന്റെ പ്രവർത്തനവും സമന്വയിപ്പിച്ചുകൊണ്ട് മിഷൻ പ്രവർത്തനം കൂടുതൽ ക്രിയാത്മകമാക്കുവാൻ കഴിയും.

ക്രിസ്തുമസ് മധ്യവേനൽ അവധിക്കാലങ്ങളിൽ മാത്രം നടത്തുന്ന പാരിഷ് മിഷൻ സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്കിന്റെ സഹകരണത്തിൽ ഓരോ മാസത്തിലും വിവിധ ഇടവകകളിലായി നടത്തി വിശ്വാസികൾക്ക് ആത്മീയ ഉണർവ്വും ഉത്തേജനവും പകർന്നു കൊടുക്കുവാൻ കഴിയും.

സംഗീതോപകരണങ്ങൾ മററു ക്വയർ ഗ്രൂപ്പുകളിൽ ഉപയോഗിക്കത്തക്കവിധം പരിശീലനം നൽകുന്നതാണ്.

സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്കിനുവേണ്ടി പ്രത്യേക കോംപ്ലക്സും റിക്കാർഡിങ്ങ് സ്റ്റുഡിയോയും ഉണ്ടാക്കി സംഗീതത്തിന് പ്രത്യേക വിഭാഗം തന്നെ തുടങ്ങേണ്ടിയിരിക്കുന്നു.

റഷ്യയിലെ ലെനിൻ ഗ്രാഡ് തിയലോജിക്കൽ അക്കാദമിയിലും ലണ്ടനിലും ആരാധനാ സംഗീതത്തിൽ ഉപരിപഠനവും പാശ്ചാത്യ–പൗരസ്ത്യ സംഗീതത്തിൽ അതീവ വൈദഗ്ദ്ധ്യവും സിദ്ധിയും, നേടിയിട്ടുള്ള വൈദിക സെമിനാരി അദ്ധ്യാപകനും 'സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്കിന്' നേതൃത്വം നല്കുന്നതുമായ റവ. ഡീക്കൺ എം. പി. ജോർജ് വിവിധ സഭകളിൽ നിലവിലിരിക്കുന്നതായ സംഗീത ശൈലിയെക്കുറിച്ച്:

'ഏതൊരു മതത്തിനും അവരുടേതായ ആരാധനാ ശൈലിയും സംഗീതവും ഉണ്ട്. എന്നാൽ ക്രൈസ്തവാരാധനയുടെ സുപ്രധാന കണ്ണിയാണ് ആരാധനാ സംഗീതം. ഓർത്തഡോക്സ് സുറിയാനി സഭയുടെ സംഗീതത്തിന്റെ കലവറ തന്നെ സുറിയാനി ഗീതങ്ങളാണ്. പ്രദേശിക ഭാഷയിലതു ഭാഷാന്തരം നടത്തിയതു് ഈ നൂററാണ്ടിന്റെ ആദ്യ (?) ദശകങ്ങളിൽ മാത്രമാണ്. സുറിയാനി സംഗീതത്തിന് കാലാന്തരമായി വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്നതിനാൽ അതിന്റെ തനിമയും ശൈലിയും നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട കർത്തവ്യമുണ്ട്.

ആരാധനാ ഗീതങ്ങൾ വ്യത്യസ്ത ശൈലിയിൽ ഈണം നല്കി വികലമാക്കുന്ന രീതിയിപ്പോൾ നിയന്ത്രണാതീതമായിരിക്കുന്നു. സാമ്പത്തിക ശേഷിയുള്ള പള്ളികൾ ക്വയർ രൂപീകരിച്ച് സംഗീതോപകരണങ്ങളുടെ 'അകമ്പടി'യോടെയാണ് ആരാധന നടത്തുന്നത്. എന്നാൽ ഓർത്തഡോക്സ് ആരാധനയിൽ സംഗീതോപ കരണങ്ങൾക്ക് സ്ഥാനമില്ല. ഗ്രീക്ക്–റഷ്യൻ ഓർത്തഡോക്സ് സഭകളിൽ സംഗീതോപകരണങ്ങളെ ഉപയോഗിക്കുന്നില്ല. അർമ്മീനിയൻ സഭ 'ഓർഗൻ' മാത്രം ഉപയോഗിക്കുന്നു. നമ്മുടെ ആരാധനയിൽ വേണമെങ്കിൽ ഓർഗൻ മാത്രം ഉപയോഗിക്കാം. നവീകരണ സഭകളുടെ സംഗീത ശൈലിയോട് യുവതലമുറയ്ക്ക് അടുപ്പം തോന്നിയതുകൊണ്ടാവാം പഴയ ഈണങ്ങളെ പാടെ ഉപേക്ഷിച്ച് 'പുതിയ രാഗങ്ങൾ ഉണ്ടാക്കുക' എന്ന ലക്ഷ്യത്തോടെ നീങ്ങുന്നത്.

ദൈവവും മനുഷ്യനുമായുള്ള സംസർഗ്ഗമായ വി. ആരാധനയിൽ വിശ്വാസികളുടെ പങ്കാളിത്തം എപ്രകാരം ആയിരിക്കണം.

റഷ്യൻ ഓർത്തഡോക്സ് സഭയിൽ ക്വയറിനു പ്രത്യേക സ്ഥാനമുണ്ട്. വിശ്വാസ പ്രമാണം വായിക്കുമ്പോഴും സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന പ്രാർത്ഥന ചൊല്ലുമ്പോഴും വി. കുർബ്ബാന അനുഭവിക്കുമ്പോഴുമാണ് ജനങ്ങളും ഗായക സംഘവും ഒന്നിച്ചു പാടാറുള്ളതു്. ബാക്കി സമയങ്ങളിൽ ക്വയർ ഒററക്കാണു പാടുന്നതു്. എന്നാൽ നമ്മുടെ ആരാധനയിൽ വിശ്വാസികൾ ഒത്തൊരുമിച്ച് പാടേണ്ടതാണ്. നമ്മൾ വിഭാവനം ചെയ്തിരിക്കുന്ന ക്വയർ ഏവരും ഒത്തൊരുമിച്ച് ഭക്തിസാന്ദ്രമായി പാടുന്നതിനുവേണ്ടിയാണ്. പള്ളി ആരാധനയിൽ ക്വയർ മാത്രം നിന്നു പാടുന്നതു് ആരാധനയെ പൂർണ്ണതയിലേക്ക് എത്തിക്കുന്നില്ല.

കർത്താവിന്റെ അന്ത്യ അത്താഴ സമയത്തു് ശിഷ്യ ഗണങ്ങൾ ഒന്നിച്ചുകൂടി അപ്പനുറുക്കുകൾ പങ്കിട്ട് സ്തോത്രം പാടി ഒലിവു മലയിലേക്ക് പോയി അതുപോലെ ദിവ്യബലിയിൽ പങ്കെടുക്കുന്ന വിശ്വാസികളുടെ സമൂഹം ഒത്തൊരുമിച്ച് സ്തോത്രം പാടണം. താളമേളങ്ങളോടെയല്ല– അനുസൃതമായ സ്തുതിയും സ്തോത്രവും അർപ്പിച്ചു കൊണ്ട് പിതാവിനെ മഹത്വപ്പെടുത്തണം. സകല ഭൂവാസികളുമായുള്ളോരേ, യഹോവയ്ക്കു് ആർപ്പിടുവീൻ സന്തോഷത്തോടെ യഹോവയെ സേവിപ്പീൻ, സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ യഹോവ നമ്മുടെ ദൈവം എന്നറിയുവീൻ.... (സങ്കീ 100: 1–2) ദൈവസന്നിധിയിൽ എത്തി വിശുദ്ധ ആരാധനയിൽ സംബന്ധിക്കുന്ന പലരും ദൈവീകശുശ്രൂഷയിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ, തങ്ങളുടെ ബോധങ്ങളും വിചാരങ്ങളും സ്വന്തമായ സാങ്കല്പിക സങ്കേതങ്ങൾ സൃഷ്ടിച്ചതിലൂടെ അനവരതം യാത്രചെയ്യുന്ന രീതിയാണുള്ളതു്. ഇതുകൊണ്ടാവാം പല ഇടവകകളിലും 'ആമീൻ' 'കുറിയേലായിസോൻ' 'ബാറക്മോർ'.. ഇത്യാദി ചെറിയ പ്രതിവാക്യങ്ങൾപോലും വിശ്വാസികൾ ചൊല്ലുവാൻ മറന്നുപോകുന്നതു്.

'പ്രാർത്ഥിപ്പാൻ നീ നില്ക്കുമ്പോൾ–സന്താപത്തോടേ–
കാഗ്രം
ചിന്തകളെക്കടിഞ്ഞാണിട്ടു്–
ചിത്തത്തിൽ നിർത്തിടേണ,'–

അതേദൈവത്തിനുബലി–പ്രാർത്ഥന– അർപ്പിക്കുവാൻപോകുന്ന അവസരത്തിൽ ശരീരവും മനസ്സും ജീവനും വിശുദ്ധിയുമുള്ള ദൈവത്തിനു യാഗമായി സമർപ്പിക്കുകയാണ്.

ദേവാലയ പ്രതിഷ്ഠാസമയത്ത് വിശ്വാസികൾ ഏകമനസ്സുള്ളവരായി 'പെരുവെള്ളത്തിന്റെ ഇരച്ചിൽ' പോലെ ശലോമോൻ രാജാവിനോടൊപ്പം 'അവൻ നല്ലവനല്ലോ അവന്റെ കൃപ എന്നേക്കുമുള്ളത്' എന്നു പ്രാർത്ഥിച്ച അനുഭവമാണ് ആരാധനയിലും ഉണ്ടാകേണ്ടത്. പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ ഇടവയിലെ മുഴുവൻ വിശ്വാസികളും ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ പ്രതിവാക്യങ്ങളും കുറിയേലായിസോനും ചൊല്ലി സ്തുതിക്കണം; എന്നാൽ വി. കുർബാനയുടെ ഏകാഗ്രത നഷ്ടപ്പെടുത്തുന്ന 'തപ്പിനും തമ്പുരുവിനും' അവിടെ സ്ഥാനമില്ല. 'തപ്പുകളാലും, ചതുരതപ്പുകളാലുമുള്ള' ദൈവീക സ്തുതി മററുവേദികളിലായി ഉപയോഗിക്കുന്നതാണു നല്ലതു്.

സുറിയാനി ആരാധനയും അതിന്റെ രൂപഭാവപരിണാമങ്ങളും എപ്രകാരം വ്യത്യസ്തപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുന്നു:

സുറിയാനി ആരാധനയിൽ ഇന്നു നിലവിലിരിക്കുന്ന 8 നിറങ്ങൾ മദ്ധ്യശതകത്തിലാണ് ഇന്നത്തെ രീതിയിൽ രൂപപ്പെട്ടതു്. എന്നാലിതേക്കുറിച്ച് ആധികാരികമായ രേഖകളൊന്നുമില്ല. അന്ത്യോഖ്യയിലെ വി. സേവേറിയോസാണിതിന്റെ ജനയിതാവ് എന്നു വിശ്വസിക്കുന്നു. സ്ലാവോണിക്ക്, ഗ്രീക്ക്, സംഗീതത്തിനും 8 നിറങ്ങളാണുള്ളതു്. സിറിയായിൽനിന്നു് മലങ്കരയിൽ എത്തിയ സുറിയാനി സംഗീതമിന്നു് 'തെക്കും' 'വടക്കും' വ്യത്യസ്തമായ ശൈലിയാണ് ഉപയോഗിക്കുന്നതു് ആദ്യകാലത്ത് വൈദിക വിദ്യാഭ്യാസത്തിൽ സുറിയാനിപ്പാട്ടുകൾ അഭ്യസിപ്പിച്ചിരുന്നത് പ്രധാന മല്പാന്മാരുടെ അടുക്കലായിരുന്നു. തെക്കും വടക്കുമുള്ള മല്പാന്മാരുടെ ഭാഷയിലും രീതിയിലും ഉണ്ടായിരുന്ന വ്യത്യാസം സംഗീതത്തിലും പ്രകടമായി.

അടുത്തവർഷം സഭയിൽ ആരംഭിക്കുവാനിരിക്കുന്ന സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്കിനെക്കുറിച്ച്:

സഭയിൽ നന്നായി പാടുവാൻ കഴിവുള്ളവരെ കണ്ടെത്തി അവക്ക് സംഗീതത്തിലും സംഗീതോപകരണങ്ങളിലും അടിസ്ഥാനപരമായ പരിശീലനം നല്കണമെന്നാഗ്രഹിക്കുന്നു. ആരാധനാ സംഗീതത്തിൽ രണ്ടുവർഷത്തെ ഡിപ്ളോമാ കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് പ്രാദേശികതലത്തിൽ സംഗീതപരിശീലനം നല്കുന്നതിനും ക്വയറുകൾ രൂപവൽക്കരിക്കുന്നതിനും സാധിക്കും. ഒപ്പം കേരളത്തിനകത്തും പുറത്തും സുവിശേഷ പ്രചരണാർത്ഥവും അല്ലാതെയും സംഗീതത്തിലൂടെ വളരെയധികം സ്വാധീനം ചെലുത്തുവാൻ കഴിയും.

വി. കുർബാന മാത്രമല്ല സഭയിലെ എല്ലാ ആരാധനാക്രമങ്ങളും 'എക്കാറ' അനുസരിച്ച് തന്നെ ആരാധനാസംഗീതം രൂപപ്പെടുത്തി വിശ്വാസികളെ പഠിപ്പിക്കേണ്ടതുണ്ട്. ഇന്നത്തെ കൂദാശകളിൽ വിശ്വാസികളുടെ പങ്കാളിത്തം വളരെ പരിതാപകരമാണ്. വി. മാമോദീസാ, വിവാഹം, ഭവനശുദ്ധീകരണം, രോഗികളുടെ തൈലാഭിഷേകം, ശവസംസ്കാരം എന്നീ ശുശ്രൂഷകളിലെ ആരാധനയും ഗാനങ്ങളും 'വൈദികർക്കുവേണ്ടി' മാത്രമുള്ളതാ

(ശേഷം 6–ാം പേജിൽ)

# OTTO NUSCHKE AWARD TO PAULOSE GREGORIOS

Otto Nuschke prize for peace from East Germany, conferred by the Christian Democratic Union, one of the ruling parties of G. D. R. This is their annual peace prize.

My Lord Metropolitan
Your Excellency
Dear friends

I welcome you most heartily to this festive hour of the directorate of the national executive committee of the Christian Democratic Union of Germany. We are highly pleased that Your Grace accepted our invitation and consented to receive the Otto Nuschke prize today.

Otto Nuschke was one of the founders of our party and its Chairman for many years. As early as in the Weimar Republic, that means in the time after World War I he had the reputation of being an important democratic politician who stood for friendly relations with the Soviet Union. In the time of fascist dictatorship in Germany he was politically discriminated against and persecuted. In the years after liberation from fascism he took a decisive part in the CDU's formation as a political party of Christians who stood for an antifascist-democratic Germany, consciously taking part in the build up of the socialist society in our country. Thus we Christian Democrats follow the political conviction that with this decision we might contribute to a world of peace and justice, to which we know ourselves committed by the social consequences of the Christian ethic.

The Otto Nuschke prize was founded to honour Christian personalities of our country and from all over the world, who set an example in the struggle for peace and social progress. Your Grace, my Lord Metropolitan, is the first churchman from a developing country who is awarded this honour. Your unceasing activity in the Ecumene, and particularly in the christian peace movement have made your name well-known and highly respected also in our country.

Your Grace has been the Metropolitan of Delhi of the Syrian Orthodox Church of the East for many years past We highly esteem Your Grceaas one of the leading representatives of the tradition of orthodoxy, who is seeking to infuse this venerable spirituality, which goes back to the beginnings of the Christian Church, with quite a new vitality for the people of our time.

Your Grace have been active not only in the church and the society of Your Indian homeland. You have travelled in all continents. After years of civil service in Ethiopia. Your Grace served as an Associate Secretary General of the World Council of Churches in Geneva. Since the last Assembly of the World Council of Churches in Vancouver you have been one of the seven Presidents of the Council.

Since the end of the sixties Your Grace has been active in the work of the Christian Peace Conference which can look back with pride upon three decades of its existence this years. We Christian Democrats of the GDR have supported this movement from the very beginning. Many members of our Party are co-operating in it. As the Deputy Chairman of the CPC Your Grace has substantially co-determined the profile of the Fifth and Sixth All-Christian Peace Assemblies by your principled papers.

Your Grace, my Lord Metropolitan, has devoted much energy to promoting the initiative of the Russian Orthodox Church to deepen the cooperation of all the world religions, which culminated in the great 1982 World Conference of 'Religious, Workers for Saving the Sacred Gift of Life from Nuclear Catastrophe' held in Moscow.

Your Grace, chaired all the round table discussions held in Moscow in the past years as a follow-up of that World Conference, Likewise, Your Grace has also taken a responsible part in the activities of the World Peace Council. Last year in February you were invited to the International Forum 'For a World Free from Nuclear Weapons and for the Survival of 'Mankind' in Moscow, where along with Mikhail Gorbachov, you delivered a speech attracting worldwide attention. Your Grace led the discussions of the working group of the representatives of the world religions, and reported on this work at the final meeting held in the Great Kremlin Palace.

In May 1987, in your paperread before the Second International Church Conference on 'Theology and Spirituality of the Russian Orthodox Church' held in Moscow, Your Grace encouraged 'interpreting the the Christian faith in such a way that it touches society and mankind as a whole'. Thus you characterized the basic concern that determines your own work. Your extensive and manifold activity, which we can appreciate here only in some aspects, is based on your outstanding competence in two fields which decisively determine our world, if not the future destiny of mankind: the scientific-technological revolution, and the economy.

Your Grace acted as the moderator of the World Conference on 'Faith, Science and the Future' held by the World Council of Churches in Boston, 1979. There you proved a competent inter locutor for representatives of natural science and technology. In the past years you have been critically exposing US President Reagan's SDI program as well as other modern armament programs, not only from the political aspect, but also from that of technical feasibility.

Your Grace has been engaged most intensively with problems of world economy. For many years you were the chairman of the international study commission of 'Politics and Economy' of the Christain Peace Conference. In all the great lectures you gave at CPC meeting as well as at the Moscow World Religious Conferences, the analysis of the under development of the so-called two-thirds world and the question of how it could be over come were extensively discussed. In all of your statements made on this matter one perceives that solidarity with the exploited masses living in destitution, not of your own country, but of all countries in Asia, Africa, and Latin America, is a basic motive of your activity.

In a time when problems of world economy are gaining an ever increasing weight in the ecumenical discussion, you gave important guidance to many Christians by Your profound anyalyses and a differentiated view. Very soon you found the capitalistic market mechanisms to be the major cause of the catastrophic situaition in many countries of the Third World, as it is showing to day in the unimaginable indebtedness of these states. You criticized the so-called 'gap thinking', which is a way of thinking centred on over coming the gap between capitalistic industrial countries and the developing countries. This thinking implies over coming that gap by methods derived from capitalism. This would, however, perpetuate the dependence on the capitalistic centres. Your Grace, my Lord Metropolitan, plead for the self-determining role of the people's forces instead.

Such kind of economic analyses and considerations have led you to a clear anti-imperialist position. In your keynote address to the Sixth All-Christain Peace Conference held three years ago, you put it as follows: 'I know that many of my friends are allergic to term such as 'imperialistic' and 'neocolonialistic'. But such terms are not merely red rags. The existence of imperialism and neocolonialism in the world of today is a matter of fact. The SDI program is one way to protect and promote imperialism and neocolonialism as well as the system of market economy that begets both of them.' That is a quotation from your speech.

On the other hand, my Lord Metropolitan, you regard the socialist countries as being-to speak in your own words- 'an important and strong element of opposition to injustice and exploitation in the world'. As early as in 1972 you stressed that, together with the people of the Two-Thirds World, you are interested in the strengthening of this opposition, but not in its blunting by ideological, political, or economic compromises. Without the alliance with the world socialism the developing countries will not attain economic independence - this is your conviction expressed again and again.

As a church man, my Lord Metropolitan, you are deeply in the spiritual tradition of orthodoxy. But as you have also made an intensive study of occidental philosophy, it is given to you to disclose the spiritual wealth of this tradition to people of our time. By way of example, you argue against the worng alternative of 'spirit or matter' by saying: 'Matter is good, because it is created by God. Materialism cannot be opposed to spiritualism. Matter and spirit are two aspects of one and the same good creation 'Such words will enrich thinking also in our European churches. Similarly, in your address to the Boston Conference you pleaded for understanding science and faith to be complementary rather than antagonistic.

In the face of the threat to mankind's existence, in recent years you pointed out the necessity of a new way of thinking. While the United Nations had not yet been very successful in establishing a New International Economic System, Your Grace has been among those churchmen who demanded a New International Moral Order. There should be no doubt that the danger to mankind's survival can be prevented only if we succeed in formulating ethical norms for politics, economy, and science, making these norms obligatory for every body. Your Grace has rightly pointed out that such a moral code should be formulated not only for the individual sphere, but all the more so for corporations, states, and peoples. On last year's Fifth Moscow Round-Table Conference of theologians and experts on 'Common Safety and Moral-Ethical Values'. Your Grace yourself attempted to put a catalogue of such norms up for discussion. Let me quote some articles from it; 'All nations are sovereign, free, and equal, but they are all responsible for one another and to the world community.' 'The interdepend-

(ശേഷം 6-ാം പേജിൽ)

## Address on the...

(5-ാം പേജിൽനിന്നും തുടർച്ച)

ence of nations must be utilized to create international structures of global co-operation in all fields of human activities.'

'No nation should endanger the security of any other nation for the sake of its own security'.

'War and militarization, like slavery and feudal dependence, must be abolished in all countries'.

'The nuclear weapon is an evil. It must be declared illegal, and destroyed'.

'The space and the Oceans shall be common property of mankind, to be placed under international control and free from mass destruction weapons'.

'Contrasting socio-economical systems must co-exist and co-operate in an atmosphere of mutual trust and peaceful competition'.

I can say, my Lord Metropolitan, that we, the members of the CDU, fully agree with these priniciples, and that our government's policy is ruled by them. In recent years the President of the Council of state of the GDR, Erich Honecker, repeatedly took initiatives that were guided by such principles. Here I think of our proposals for a denuclearized corridor and of a zone free from chemical weapons in Central Europe, of a zone of trust and safety in the heart of our continent. I think of our support given to the Soviet Union's proposals to free the world nuclear weapons by the year 2000. Today, honouring Your Grace for your paradigmatic activity for peace and justice, we can do so in a situation where a first step in this direction has been taken with the treaty concluded between the USSR and the USA on the elimination of land-based nuclear medium-range missiles. This encourages us, even though we are aware of the existence of strong forces interested in obstructing, or at least in putting difficulties into the further path to follow.

Our struggle is still going on. We know that it will be successful in the same measure in which all those who are concerned for peace and justice will join hands and unite.

The next targets on this way have been staked out: halving the strategic weapons, continued adherence to the ABM treaty-putting an end nuclear tests, banning the chemical weapons, substantially reducing the conventional armaments and armed forces in Europe, including tactical nuclear weapons in the process of disarmament. We are feeling satisfaction with the fact that these objectives of the states of the Warsaw Pact are in agreement with the basic lines of the plan of the Indian Prime-Minister, Mr. Rajiv Gandhi, to eliminate the mass destruction weapons step by step by the year 2010. Such proposals are in accordance with the hopes and demands being expressed today in the international Christendom with more and more emphasis.

Your Grace, my Lord Metropolitan,

Please take this award of the Otto Nuschke prize as a testimony of the deep attachment of Christians of our country to Christians in India. A safe and permanent peace, no longer threatened by nuclear weapons -a word that guarantees a prosperous development to every people-these are the aims in which we know ourselves to be of one mind with you.

We honour Your Grace as a man who is giving an example of the global thinking which is so necessary for all of us today. This concerns not only the width of your horizon, but also the depth of your thoughts.

We honour Your Grace as a representative of the Two-Thirds Word who is acting in close solidarity with the emancipatory movements of its peoples, regarding himself as allied with the policy of the Socialist countries.

We honour Your Grace as a churchman and theologian who is living out of the wisdom of orthodox piety, taking political responsibility for peace and justice in our World in an exemplary way.

In Your Moscow lecture of May, 1987, my Lord Metropolitan, you said:, 'We have to find our own way in the situation we have been placed in by God.' You have found this way of your own, and by following it you have become an example for many people. With all my heart I wish you further strength and success on this way. Please receive our sincere congratulations together with our best wishes for your further well-being.

Oct 21, 1988

Gerald Gotting
Vice President, G.D.R.

## ക്രിസ്ത്യാനീകരണം ...

(2-ാം പേജിൽനിന്നും തുടർച്ച)

വീശി പറക്കുന്നു; അവൻ ഓടി കളിക്കുന്നു. ആറ്റാദം നിറഞ്ഞവനാകുന്നു; അവൻ മുക്തനാണ്; അപ്രതിരോധ്യനാണ്; അവൻ അഖിലവും സ്വീകരിക്കുവാൻ അഖിലത്തേയും ദാനം ചെയ്യുന്നു അവന് എല്ലാം എല്ലാത്തിലും ഉണ്ട്. കാരണം എല്ലാ വസ്തുക്കൾക്കും ഏകമായ ഉന്നതതമ വസ്തുവിൽ ഇളവേല്ക്കുന്നു അവനിൽ നിന്ന് നന്മയാർന്ന സകലതും പ്രവഹിക്കുന്നു. അവൻ പാരിതോഷികത്തെ പരിഗണിക്കുന്നില്ല. എല്ലാ നല്ല വസ്തുക്കൾക്കും ഉപരിയായി അവൻ സ്വയം ദാതാവിലേക്ക് ഉന്മുഖനാകുന്നു.

## സ്കൂൾ ഓഫ്...

(4-ാം പേജിൽനിന്നും തുടർച്ച)

ണെന്നാണ് ജനങ്ങളുടെ വിചാരം. എന്നാൽ വിവാഹക്കൂദാശയുടെ പോക്ക് മറെറാരു തരത്തിലാണ്. വദ്യോപകരണങ്ങളുപയോഗിച്ച് നൂതന രീതിയിൽ ഗായകസംഘം ആലപിക്കുന്ന മധുരമായ പാട്ടുകേട്ടാലിതു 'ലൗകികാസ്വാദനത്തിനായുള്ള ഗാനങ്ങളാണെന്നു തോന്നും. ഇതിന്റെ ഫലമായി ശുശ്രൂഷയിലെ ആദ്ധ്യാത്മികത നഷ്ടപ്പെട്ട് കൃത്രിമത്വത്തിന്റെ ആഴത്തിലേക്ക് വഴുതിവീഴുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനാക്രമത്തിലുള്ള എല്ലാവിധമായ ആരാധനാഗാനങ്ങളും സഭയാകമാനം ഒരേ രാഗത്തിൽ വിശ്വാസികൾക്ക് ചൊല്ലി ദൈവത്തെ സ്തുതിക്കുന്നതിന് 'സ്കൂൾ ഓഫ് മ്യൂസിക്ക്' എന്ന സ്ഥാപനം കൊണ്ട് സാധിക്കും. അതിനു എല്ലാ വിശ്വാസികളുടെയും ബഹുമാനപ്പെട്ട വൈദികരുടെയും സഹകരണം ഉണ്ടാകണം— ഉണ്ടാകും! എന്ന് എം. പി. ജോർജ്ജ് ശെമ്മാശൻ പ്രത്യാശ പ്രകടിപ്പിച്ചു.

മനുഷ്യജീവിതത്തിന്റെ ആന്തരിക സൗന്ദര്യത്തിനു ആഴം കൂട്ടുന്നതിനും ദൈവീകബന്ധത്തിൽ നിസ്തുല പങ്കാളിത്തം അനുഭവിക്കുന്നതിനും കഴിയുന്ന ആരാധനാ സംഗീതം 'സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്കിൽ' കൂടി അനേകരെ പ്രചോദിതരാക്കട്ടെ. ക്രിസ്തീയ സംഗീതത്തിന്റെയും ആരാധനാ സംഗീത സമീകരണത്തിന്റെയും പുതിയ പടവുകൾ തെളിയിക്കുന്ന 'സ്കൂൾ ഓഫ് സേക്രട്ട് മ്യൂസിക്ക്' സഭയുടേയും വൈദിക സെമിനാരിയുടേയും വളർച്ചയുടെ നാഴികക്കല്ലു തന്നെയാണ്.

## കടമ്പനാട്ട് സുവാത്താ കൺവൻഷൻ

കടമ്പനാട്ട്: ഇമാംസുവാർത്താമിഷൻ സംഘടിപ്പിക്കുന്ന നാലാമത്തു കടമ്പനാട്ട് സുവാത്താ കൺവൻഷൻ നവംബർ 24 മുതൽ 27 വരെ പുല്ലാഞ്ഞിവിള പ്ലാവിള പുത്തൻവീട്ടിൽ വച്ചു നടത്തുന്നതാണ്. വികാരി ഫാ: എം. എൻ. തോമസ്, ഇമാം സുവാത്താ മിഷൻ ഡയറക്ടർ പോൾ സിനിരാജ് മുഹമ്മദ്, ഇമാം മിഷനറിമാരായ എൻ. എ. ബാബുനായർ, ജോജ്ജ്ദിവാകരൻ: മീനടം വി. ജെ. കുര്യൻ; ഫാ. സഖറിയാ പണിക്കശേരി എന്നിവർ കൺവൻഷനു നേതൃത്വം നല്കും.

## എം. ഡി. സെമിനാരി...

(1-ാം പേജിൽനിന്നും തുടർച്ച)

വരെയെല്ലാം നന്ദിനിറഞ്ഞ ഹൃദയത്തോടെ ദൈവമുമ്പാകെ അനുസ്മരിക്കുന്നു.

ഇന്ന് നമ്മുടെ ഈ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുവാൻ എത്തിയിരിക്കുന്ന നമ്മുടെ വാത്സല്യവാൻ ഡോ പി. സി. അലക്സാണ്ടറെ നാം പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സഭയുടെ അഭിമാനവും, കീർത്തിയും ലോകമെങ്ങും വ്യാപിപ്പിക്കുവാൻ ദൈവം അദ്ദേഹത്തെ തിരഞ്ഞെടുത്തു് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു മേലിലും അദ്ദേഹത്തിനു് ഉന്നതമായ പദവികൾ ദൈവം തമ്പുരാൻ നല്കട്ടെ എന്ന് നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രിയരെ, ഈ വിദ്യാലയവുമായി വേർപെടുത്താനാവാത്ത ബന്ധമാണ് നമുക്കുള്ളതു്. നമ്മുടെ ബാല്യകാല വിദ്യാഭ്യാസം മുഴുവൻ ഇവിടെയാണ് നാം നിർവ്വഹിച്ചതു്. അന്ന് ഈ സ്കൂളിന്റെ പ്രഥമാദ്ധ്യാപകനായിരുന്ന കയ്യാലാത്തു് കെ വി. ചാക്കോസാർ ഇപ്പോഴും നമ്മുടെ സ്മൃതിപഥത്തിൽ നിറഞ്ഞുനില്ക്കുന്നു. നല്ല ഉയരം, വടിവൊത്ത ശരീരം, സുന്ദരമായ വേഷവിധാനം, കാര്യങ്ങളെല്ലാം വളരെ ചിട്ടയായും ക്രമമായും നടക്കണമെന്ന നിഷ്ക്കർഷ, നല്ല ഗൗരവമുള്ള പ്രകൃതം എല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. കുട്ടികൾ അദ്ദേഹത്തെ കാണുമ്പോൾതന്നെ ഭയപ്പെടുമായിരുന്നു. എന്നാൽ അദ്ദേഹത്തിനു് കുട്ടികളോടുള്ള സ്നേഹം അങ്ങേയററത്തേതുമായിരുന്നു. അതുപോലെതന്നെ നാം എപ്പോഴും ബഹുമാനപുരസ്സരം സ്മരിക്കാറുള്ള ഒരു മാന്യ ദേഹമാണ് ഇട്ടി ച്ചെറിയാ മാസ്റ്റർ. എല്ലാ തരത്തിലും ഒരു നല്ല അദ്ധ്യാപകൻ, ഈ സ്കൂളിനെ സ്വന്തം വീടുപോലെ കരുതി സ്നേഹിച്ചു. ഞാൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾ അദ്ദേഹം ആയിരുന്നു പ്രഥമാദ്ധ്യാപകൻ. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങൾ അന്നത്തേതുപോലെ ഇന്നും നിലനില്ക്കുന്നുണ്ടോ എന്ന് നമുക്കറിയില്ല. എങ്കിലും ഒരു കാര്യം നമുക്കറിയാം, ആത്മാർത്ഥതയുള്ള അദ്ധ്യാപകരെ വിദ്യാർത്ഥികൾ എക്കാലവും സ്നേഹിക്കുകതന്നെ ചെയ്യും തീർച്ച.

ഈ സ്കൂളിനെപ്പററി ചിന്തിക്കുമ്പോൾ, കുട്ടികളുടെ നന്മയ്ക്കുവേണ്ടിയും, സ്കൂളിന്റെ ഉയർച്ചയ്ക്കുവേണ്ടിയും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരു നല്ല അദ്ധ്യാപക നിര എല്ലാകാലത്തും ഇവിടെ ഉണ്ടായിരുന്നു എന്നതു് ഈ സ്കൂളിന്റെ ഒരു ഭാഗ്യമായി നാം കാണുകയാണ്. അതുപോലെതന്നെ എം ഡി. സെമിനാരിയുമായും, മലങ്കര മെത്രാപ്പോലീത്തായുടെ കത്തീഡ്രൽ ദേവാലയവുമായും ഉള്ള ഈ സ്കൂളിന്റെ സാമീപ്യവും ഇതിൽ പഠിക്കുന്ന കുട്ടികളുടെ ധാർമ്മിക നിലവാരം ഉയർത്തുന്നതിൽ വളരെയേറെ സഹായകമായിക്കൊണ്ടിരിക്കുന്നു എന്നതിലും തർക്കമില്ല.

കഴിഞ്ഞ ഒരു നൂററാണ്ടുകാലം സംഭവബഹുലമായിരുന്നു. വളർച്ചയുടെയും, വിജയത്തിന്റെയും ചരിത്രങ്ങൾ നിരവധിയുണ്ട്. അനുസ്മരിക്കപ്പെടേണ്ട വ്യക്തികൾ അനവധിയുണ്ട്. നമുക്കു പിന്നാലെ വരുന്ന പ്രസംഗകർ അവയെല്ലാം വ്യക്തമാക്കുമെന്നുള്ളതിനാൽ നാം അവയിലേക്കൊന്നും പ്രവേശിക്കുന്നില്ല.

തുടക്കം മുതൽ ഇന്നയോളം അനുഗ്രഹകരമായി നടത്തിയവനായ ദൈവംതമ്പുരാൻ ഭാവിയിലും ഈ സ്കൂളിനു് എല്ലാ നന്മകളും അനവധിയായി നൽകട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു ഇതിൽ പഠിപ്പിച്ചിട്ടുള്ളവരേയും, പഠിച്ചിട്ടുള്ളവരേയും, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നവരെയും അദ്ധ്യാപകരെയും, എല്ലാ പ്രവർത്തകരേയും, രക്ഷകർത്താക്കളേയും അല്പമായോ, അധികമായോ ഈ സ്ഥാപനവുമായി സഹകരിച്ചുകൊണ്ടിരിക്കുന്ന സകലരേയും ദൈവംതമ്പുരാൻ തന്റെ അദൃശ്യമായ വലതു കൈനീട്ടി വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ കന്യക മർത്തമറിയാമിന്റെയും ഇൻഡ്യയുടെ അപ്പോസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും, എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ ആമ്മീൻ.

## ഹരിജൻ..

(1-ാം പേജിൽനിന്നും തുടർച്ച)

ന അവയവങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തുവാൻ ഇന്നു നിങ്ങൾ ഒന്നിച്ചു കൂടിയതിൽ എനിക്കു് അതിയായ സന്തോഷമുണ്ട്. ഈ പരിപാടികൾക്കു് നേതൃത്വം നൽകുന്ന ഏവരേയും നാം അഭിനന്ദിക്കുന്നു. ഈ ശബ്ദം ചെവിക്കൊള്ളുമെന്നാണ് എന്റെ വിശ്വാസം. ഈ സംരംഭത്തിനു് മലങ്കര ഓർത്തഡോക്സ് സഭയുടെ എല്ലാവിധമായ സഹായസഹകരണവും എല്ലാക്കാലവും ഉണ്ടായിരിക്കും. എല്ലാവരും ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കേണ്ട ഭാരതത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും സംയുക്തമായ ഒരു ആവശ്യമായി ഇതിനെ കാണണം. അശരണരുടെയും ആലംബഹീനരുടെയും ആശ്രയമായ കാരുണ്യവാനായ ദൈവം, ഈ ചെറിയവരിലൊരുവനു് നിങ്ങൾ ചെയ്യുന്നതെല്ലാം എനിക്കാകുന്നു നിങ്ങൾ ചെയ്യുന്നതു് എന്നു് അരുളിച്ചെയ്തവനായ മശിഹാ തമ്പുരാൻ സകല സത്യത്തിലും, നീതിയിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ് ഈ സംരംഭത്തെ നേർവഴിക്കു് നയിച്ചു് ലക്ഷ്യത്തിലെത്തിക്കട്ടെ എന്നു് പ്രാർത്ഥിച്ചുകൊണ്ടും ആശംസിച്ചുകൊണ്ടും ഈ സമ്മേളനം നാം ഉദ്ഘാടനം ചെയ്തുകൊള്ളുന്നു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor [illegible] Associate Editor: Fr. C. A. Issac. Office Address: Malankara Orthodox Herald, Devalokam Kottayam-686 038